**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **07-02-2023 - ൽ മറുപടിയ്ക്ക്**

**നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് പുറമ്പോക്ക് ഭൂമി അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9 ൽ ഉൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷയിൽ ( 1507/VIP/M (R&H)/2021 , തീയതി 29/10/2021) റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിലുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് 9ൽ ഉൾപ്പെട്ട 50 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാക്കണമെന്ന അപേക്ഷ 28/11/2021ന് റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ 14/10/2019ൽ നൽകിയ കത്തിൽ നെടുമ്പാശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനോടു ചേർന്ന് 40 സെന്റ് ഭൂമി അനുവദിച്ചു തരണമെന്ന് പരാമർശിച്ചിട്ടുള്ളതും, ആയതിനോടൊപ്പം സമർപ്പിച്ചിരുന്ന അർത്ഥനയിൽ നെടുമ്പാശ്ശേരി വില്ലേജ് റീസർവ്വെ 536/1, 536/2, 536/3 എന്നിവയിൽപ്പെട്ട 42.9 ആർ വസ്തു കൈമാറ്റം ചെയ്യണമെന്ന് രേഖപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ശരിയായ സർവ്വെ നമ്പർ, വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തി അർത്ഥന സമർപ്പിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് 05/03/2022 തീയതിയിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ നെടുമ്പാശ്ശേരി വില്ലേജ്, ബ്ലോക്ക് 10, റീസർവ്വെ നം.536/2 ൽ പെട്ട 8.71 ആർ സ്ഥലത്തിനായി അർത്ഥന സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും അനുബന്ധ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. (കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| (ബി) | നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്ററിന് മേൽ പരാമർശിച്ച ഭൂമി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം അനുവദിക്കുന്നത് സംബന്ധിച്ച് എറണാകുളം ജില്ലാ കള്കടർ | (ബി) | സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യാക്കുമോ; | | |
| (സി) | ഈ വിഷയത്തിൽ ആവശ്യമായ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുമോ? | (സി) | റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (എ) വകുപ്പ്

നമ്പർ.194/എ3/2021/റവ 28/11/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.അൻവർ സാദത്ത് എം.എൽ.എ

ഒ◌ാലിക്കര ഹൗസ്

പറമ്പയം

നെടുമ്പാശ്ശേരി പി.ഒ

പിൻ - 683585

ആലുവ

സർ,

വിഷയം:- നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് - പ്രൈമറി ഹെൽത്ത് സെൻ്ററിന് ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം

സൂചന:- 26.10.2021 ലെ താങ്കളുടെ കത്തിനോടൊപ്പം ലഭ്യമായ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റിൻ്റെ അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിനോടൊപ്പം ലഭ്യമായ അപേക്ഷയുടെ പകർപ്പ് റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം സവിനയം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

//മനു.ബി

അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

ജില്ലാ കളക്ടർ, എറണാകുളം(അപേക്ഷയുടെ പകർപ്പ് റിപ്പോർട്ടിനായി ഇതോടൊന്നിച്ചയയ്ക്കുന്നു)

Section officer

I/116666/2022

DCEKM /11242 / 2019 L 7

കളക്ടറേറ്റ് , എറണാകുളം

ഓർമ്മ കത്ത് നമ്പർ -1

പ്രേഷകൻ

ജില്ലാ കളക്ടർ

എറണാകുളം

സ്വീകർത്താവ്

തഹസിൽദാർ

ആലുവ

സർ ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത് പ്രൈമറി ഹെൽത്ത് സെന്ററിന് പുറമ്പോക്ക് ഭൂമി അനുവദിയ്ക്കണമെന്ന് ആവശ്യം സംബന്ധിച്ച്.

സൂചന : 1 ) ഈകാര്യാലയത്തിലെ 14 / 01 / 20 തീയതിയിലെ ഇതേ നമ്പർപുറത്തെഴുത്ത് .

2 ) അഡിഷണൽ ചീഫ് സെക്രട്ടറി റവന്യൂ ( എ ) വകുപ്പിന്റെ 28 / 11 / 21 തീയതിയിലെ 194 / എ 3 / 21 നമ്പർ കത്ത് .

സൂചന കാണുക സൂചന വിഷയത്തിൽ ഭൂമി സംബന്ധിച്ച് അന്വേഷിച്ച് ഭൂമി നൽകുന്നതിൽ താങ്കളുടെ വ്യക്തമായ അഭിപ്രായം സഹിതം അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

വിശ്വസ്തതയോടെ

ജില്ലാ കളക്ടർക്കുവേണ്ടി

**Signed by K T Sandhyadevi**
**Date: 12-01-2022 15:40:37**

# ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) എറണാകുളം

പാർക്ക് അവന്യൂ, എറണാകുളം - 682011

☎ 0484 -2360802 ✉ dmohckmoffice@gmail.com


നം. സി1-12321/2019 തീയതി : 14.10.2019

OFFICE OF THE DISTRICT COLLECTOR
06 NOV 2019
ERNAKULAM

സ്വീകർത്താവ്

ബഹു.ജില്ലാ കളക്ടർ,
സിവിൽ സ്റ്റേഷൻ
എറണാകുളം.

സർ,

വിഷയം :- ആരോഗ്യവകുപ്പ് - എറണാകുളം ജില്ല - നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അധിക ഭൂമി അനുവദിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം, മെഡിക്കൽ ഓഫീസറുടെ 366/19 പ്രകാരമുള്ള 28/09/2019 ലെ കത്ത്

*********

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിയ്ക്കുന്നു.

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം നെടുമ്പാശ്ശേരി വില്ലേജിലെ സർവ്വെ നം. 536/2 പ്രകാരമുള്ള 5 സെന്റ് സ്ഥലത്താണ് പ്രവർത്തിച്ചു വരുന്നത്. സ്ഥല പരിമതി മൂലം വളരെയധികം ബുദ്ധിമുട്ടുന്ന ഈ ആരോഗ്യ സ്ഥാപനത്തിന്, ഭാവി വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം കണ്ടെത്തേണ്ടത് വളരെ അത്യാവശ്യമായിട്ടുള്ള കാര്യമാകുന്നു. പ്രസ്തുത പി.എച്ച്.സി-യുടെ സർവ്വെ നമ്പറിൽ തന്നെയുള്ളതും, ആരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന ഭൂമിയോട് അടുത്തായി കിടക്കുന്നതുമായ 40 സെന്റ് സ്ഥലം (റെവന്യൂ പുറമ്പോക്ക്) ആരോഗ്യവകുപ്പിന് അനുവദിച്ച് നൽകുകയാണെങ്കിൽ, ടി പി.എച്ച്.സി-യുടെ വിപുലീകരണത്തിനും, ഭാവി വികസന പ്രവർത്തനങ്ങൾക്കും സഹായകരമാകുന്നതാണ്.

ആയതിനാൽ ഇതോടൊപ്പം സമർപ്പിയ്ക്കുന്ന പ്രസ്തുത ഭൂമി ആരോഗ്യവകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുള്ള അപേക്ഷ, പൊതുജന താൽപര്യാർത്ഥം അംഗീകരിയ്ക്കുന്നതിനും, ഭൂമി അനുവദിച്ചു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് സവിനയം അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം: മേൽ സൂചിപ്പിച്ചത്

ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം)
എറണാകുളം

പകർപ്പ്:- മെഡിൽ ഓഫീസർ ഇൻചാർജ്ജ്,
പ്രാഥമികാരോഗ്യ കേന്ദ്രം, നെടുമ്പാശ്ശേരി.

പുറത്തെഴുത്ത് നമ്പർ 11242 /2019 /L7

കളക്ടറേറ്റ്,എറണാകുളം

14/01/2020

അപേക്ഷാ ഭൂമി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട്

സമർപ്പിക്കുന്നതിനായി അർത്ഥന ആലുവ തഹസിൽദാർക്ക് അയച്ചുനൽകുന്നു.

ജില്ലാകളക്ടർക്കുവേണ്ടി.

JUNIOR SUPERINTENDENT

ഭരണഭാഷ - മാതൃഭാഷ

സി2-1067/20

താലൂക്ക് ഓഫീസ്, ആലുവ
ആലുവ പി. ഒ, പിൻ-683 101
ഫോൺ : 0484 2624052
E -Mail:alvtahr.ker@nic.in
തീയതി : 23.03.2021

പ്രേഷകൻ

തഹസിൽദാർ(എൽ ആർ)
ആലുവ.

സ്വീകർത്താവ്

വില്ലേജ് ഓഫീസർ,
നെടുമ്പാശ്ശേരി

സർ,

വിഷയം : നെടുമ്പാശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഭൂമി കൈമാറുന്നത്- അനുബന്ധ രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന : 1.താങ്കളുടെ 29.12.2021 ലെ 483/21 നമ്പർ റിപ്പോർട്ട്
2. ജില്ലാമെഡിക്കൽ ഓഫീസറുടെ 05.03.22 ലെ സി1-12321/19 നമ്പർ കത്ത്

*********

നെടുമ്പാശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഭൂമി കൈമാറ്റം ചെയ്യുന്നതിന് നെടുമ്പാശ്ശേരി വില്ലേജ്, ബ്ലോക്ക് 10 ൽ റീസർവ്വെ 536/2 ൽ പ്പെട്ട 08.11 ആർ വസ്തുവിന്റെ അർത്ഥന സൂചന (2) പ്രകാരം സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ടി വസ്തു സംബന്ധിച്ച് അന്വേഷണം നടത്തി ചെക്ക് ലിസ്റ്റ്, പ്രഫോർമ ബിടിആർ, പുറമ്പോക്ക് രജിസ്റ്റർ, സ്കെച്ച് മഹസ്സർ, വില നിർണ്ണയ സർട്ടിഫിക്കറ്റ്, ന്യായവില നിർണ്ണയ റിപ്പോർട്ട് എന്നിവയുടെ 4 പകർപ്പുകൾ അടിയന്തരിമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

തഹസിൽദാർ(എൽ ആർ)

ഭരണഭാഷ - മാതൃഭാഷ

സി2-1067/20

താലൂക്ക് ഓഫീസ്, ആലുവ
ആലുവ പി. ഒ, പിൻ-683 101
ഫോൺ : 0484 2624052
E-Mail:alvtahr.ker@nic.in
തീയതി : 21.01.2022

പ്രേഷകൻ

തഹസിൽദാർ(എൽ ആർ)
ആലുവ.

സ്വീകർത്താവ്

ജില്ലാമെഡിക്കൽ ഓഫീസർ,
എറണാകുളം

സർ,

വിഷയം : ഭൂമി കൈമാറ്റം - നെടുമ്പാശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം - അർത്ഥന സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. താങ്കളുടെ 14.10.19 ലെ സി1- 12321/2019 നമ്പർ കത്ത്.
2. ബഹു.ജില്ലാകളക്ടറുടെ 14.01.2020 ലെ എൽ7-11243/19 നമ്പർ പുറത്തെഴുത്ത്.
3. നെടുമ്പാശ്ശേരി വില്ലേജ് ഓഫീസറുടെ 29.12.21 ലെ 483/2021 നമ്പർ റിപ്പോർട്ട്

*********

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആലുവ താലൂക്ക്, നെടുമ്പാശ്ശേരി വില്ലേജ്, റീസർവ്വ ബ്ലോക്ക് 10 ൽ, റീസർവ്വെ നമ്പർ 536/2 ൽ പെട്ട 40 സെന്റ് റവന്യു പുറമ്പോക്ക് ഭൂമി നെടുമ്പാശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിന് കൈമാറി ലഭിക്കുന്നതിന് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നതും ആയതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അർത്ഥനയിൽ റീസർവ്വെ നമ്പർ 536/1, 536/2, 536/3 എന്നിവയിൽ പെട്ട ആകെ 42.90 ആർ ' സർക്കാർ പുറമ്പോക്ക് ഭൂമി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ നെടുമ്പാശ്ശേരി പ്രൈമറി ഹെൽത്ത് സെന്റർ ന്റെ പടിഞ്ഞാറ് ഭാഗത്തായി 20 സെന്റ് സ്ഥലം ഒഴിഞ്ഞു കിടക്കുന്നതായി സൂചന (3) പ്രകാരം വില്ലേജ് ഓഫീസർ ഈ കാര്യാലയത്തിൽ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ നെടുമ്പാശ്ശേരി വില്ലേജ്, റീസർവ്വെ ബ്ലോക്ക് 10, റീസർവ്വെ നമ്പർ 536/2 ൽ 40.40 ആർ വസ്തുവിൽ നിന്നും ആരോഗ്യവകുപ്പിന് കൈമാറ്റം ചെയ്തു ലഭിക്കേണ്ട ബാക്കി ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം രേഖപ്പെടുത്തി അർത്ഥന സമർപ്പിക്കേണ്ടതാണെന്നുള്ള വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
തഹസിൽദാർ(എൽ ആർ)

//ശരിപകർപ്പ്//

3/2/23

## ഓർമ്മക്കുറിപ്പ്

സി.2-1067/2020/~~2022~~

താലൂക്കാഫീസ്, ആലുവ,
ആലുവ പി.ഒ., പിൻ - 683 101
ഫോൺ : 0484 - 2624052
E-mail : *alvtahr*.ker@nic.in
തീയതി : 13 / 09 / 2022

പ്രേഷകൻ
തഹസിൽദാർ (ഭൂരേഖ)
ആലുവ

സ്വീകർത്താവ്
വില്ലേജ് ഓഫീസർ
നെടുമ്പാശ്ശേരി

സർ,

വിഷയം : ഭൂമി കൈമാറ്റം- നെടുമ്പാശ്ശേരി PHC യ്ക്ക് ഭൂമി കൈമാറുന്നത് - റിപ്പോർട്ട് ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന : 23/03/2022 തീയതിയിലെ മേൽ നം. കത്ത്.

...........

നെടുമ്പാശ്ശേരി വില്ലേജ്, ബ്ലോക്ക് 10 ൽ റീസർവെ നമ്പർ 536/2 ൽ പെട്ട് 08.71 ആർ വസ്തു നെടുമ്പാശ്ശേരി PHC യ്ക്ക് കൈമാറുന്നതിലേയ്ക്ക് ആവശ്യമായ രേഖകൾ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളി തുവരെ ആയത് ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ആയതിനാൽ സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ ഇനിയും കാലതാമസം അനുവദനീയമല്ലാത്തതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

തഹസിൽദാർ (ഭൂരേഖ)

For